# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :105 — 12.03.2015 ൽ മറുപടിയ്ക്ക്

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

ചോദ്യം

ശ്രീ.സി.പി.മുഹമ്മദ്
ശ്രീ.കെ.അച്ചുതൻ
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.കെ.ശിവദാസൻ നായർ

മറുപടി

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015-ന്റെ ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും പൂർത്തിയായിട്ടുണ്ട്. കേരളത്തെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുന്നതിനാണ് പ്രസ്തുത പദ്ധതിയിൽ സർക്കാർ ലക്ഷ്യമിടുന്നത്. സ്വന്തമായി ഭൂമിയില്ലാത്ത വാർഷിക കുടുംബവരുമാനം 75,000/- രൂപയിൽ താഴെയുള്ളവർക്ക് വീട് വയ്ക്കുന്നതിന് വേണ്ടി മൂന്ന് സെന്റ് ഭൂമി വീതം സൗജന്യമായി പതിച്ചുകൊടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |
| (ബി) | ഭൂരഹിതർക്ക് നൽകാനുള്ള ഭൂമി കണ്ടെത്തുന്നതിനും വിതരണം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | <u>(ബി)യും (സി)യും.</u><br>താലൂക്ക്, ജില്ല, സംസ്ഥാനം എന്നീ തലങ്ങളിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ച് പദ്ധതി പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്ന പ്രവർത്തനം വില്ലേജ് ഓഫീസർമാർ, താലൂക്ക് തഹസിൽദാർമാർ, ജില്ലാ കളക്ടർമാർ എന്നിവരുടെ മേൽനോട്ടത്തിൽ നടന്നുവരികയാണ്. പാട്ടക്കാലാവധി കഴിഞ്ഞതും |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | |

| | | |
|---|---|---|
| | | പാട്ട വ്യവസ്ഥകൾ ലംഘിച്ചതുമായ സർക്കാർ ഭൂമികളും, മറ്റു വകുപ്പുകളുടെ ഉടമസ്ഥതയിലുള്ളതും എന്നാൽ ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമികൾ കൂടി കണ്ടെത്തി പദ്ധതിക്കായി ഉപയോഗിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇതോടൊപ്പം സർക്കാർ ഭൂമിയിലുള്ള അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) | പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676 -ൽ ഉൾക്കൊള്ളിച്ചിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ് ? | മിഷൻ 676-ൽ ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത പദ്ധതിയിൽ വിതരണം ചെയ്യുന്നതിനാവശ്യമായ വാസയോഗ്യമായ മുഴുവൻ സർക്കാർ ഭൂമിയും കണ്ടെത്തുവാനുള്ള ഊർജ്ജിത ശ്രമങ്ങൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടന്നു വരുന്നു. |

e. k. v. Kunny
സെക്ഷൻ ഓഫീസർ